# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2981.

## 18.10.2016 ലെ മറുപടിക്ക്

**<u>എം. എൽ. എ. മാരുടെ പ്രാദേശിക വികസന ഫണ്ടിൽ വർദ്ധനവ് വരുത്താൻ നടപടി</u>**

| | ചോദ്യം<br>ശ്രീ.പി.ടി.എ.റഹീം, എം.എൽ.എ | ഉത്തരം<br>ഡോ.ടി.എം. തോമസ് ഐസക്ക്<br>(ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | പൊതുമരാമത്ത് നിരക്കുകളിൽ ഉൾപ്പെടെ വൻവർദ്ധനവ് വന്ന സാഹചര്യത്തിൽ എം. എൽ. എ. മാരുടെ പ്രാദേശിക വികസന ഫണ്ടിൽ ആനുപാതികമായ വർദ്ധനവ് വരുത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ; | പൊതുമരാമത്ത് നിരക്കുകളിൽ വൻവർദ്ധനവ് വന്നിട്ടുണ്ടെങ്കിലും പ്രാദേശിക വികസന ഫണ്ടിന് പുറമെ ഓരോ നിയോജകമണ്ഡലത്തിനും നിയോജകമണ്ഡല ആസ്തി വികസന പദ്ധതികൾക്കായി അഞ്ച് കോടി രൂപ വീതം പ്രതിവർഷം വകയിരുത്തുന്ന സാഹചര്യത്തിൽ എം.എൽ.എ.മാരുടെ പ്രാദേശിക വികസന ഫണ്ടിൽ ആനുപാതിക വർദ്ധനവ് വരുത്തുന്ന വിഷയം ഇപ്പോൾ പരിഗണിക്കാനാവില്ല. |
| (ബി) | എം. എൽ. എ. ഫണ്ടിൽ നിന്ന് അംഗീകൃത ഗ്രന്ഥശാലകൾക്ക് കംപ്യൂട്ടർ, ടെലിവിഷൻ എന്നിവ നൽകുന്നതിൽ നിയന്ത്രണമുണ്ടോ; എങ്കിൽ പ്രസ്തുത നിയന്ത്രണം നീക്കാൻ നടപടി സ്വീകരിക്കുമോ? | 03.10.2016-ലെ സ.ഉ.(പി) നം. 147/2016/ധന. ഉത്തരവ് പ്രകാരം സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അംഗത്വമുള്ള ലൈബ്രറികൾക്ക് എം.എൽ.എ.മാരുടെ പ്രത്യേക വികസന നിധിയിൽ നിന്നും തുക വിനിയോഗിച്ച് കമ്പ്യൂട്ടർ, എൽ.സി.ഡി.പ്രോജക്ടർ, വൈഫൈ, മൈക്ക് സെറ്റ് എന്നിവ വാങ്ങാവുന്നതാണ്. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**

# കേരള സർക്കാർ

## സംഗ്രഹം

ധനകാര്യ വകുപ്പ്-എം.എൽ.എ. മാരുടെ പ്രത്യേക വികസന നിധി - സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അംഗത്വമുള്ള ലൈബ്രറികൾക്ക് എം.എൽ.എ - പ്രത്യേക വികസന നിധിയിൽ നിന്നും തുക വിനിയോഗിച്ച് കമ്പ്യൂട്ടർ, എൽ.സി.ഡി പ്രൊജക്ടർ, വൈഫൈ, മൈക്ക് സെറ്റ് എന്നിവ വാങ്ങുന്നതിന് മാർഗ നിർദ്ദേശങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവാകുന്നു.

**ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പ്**

**സ.ഉ(പി) നം.147/2016/ധന** **തീയതി, തിരുവനന്തപുരം, 03.10.2016**

പരാമർശം : 27.05.2004-ലെ ജി.ഒ(പി)നം. 247/2004/ധന ഉത്തരവ്.

സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അംഗത്വമുള്ള ലൈബ്രറികൾക്ക് എം. എൽ. എ മാരുടെ പ്രത്യേക വികസനനിധിയിൽ നിന്നും തുക വിനിയോഗിച്ച് കമ്പ്യൂട്ടർ, എൽ.സി.ഡി . പ്രൊജക്ടർ, വൈഫൈ, മൈക്ക് സെറ്റ് എന്നിവ വാങ്ങുന്നതിന് അനുമതി നൽകണമെന്ന എംഎൽഎമാരുടെ ആവശ്യം സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സൂചന ഉത്തരവിന് ഭാഗികമായി ഭേദഗതി വരുത്തിക്കൊണ്ട് സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അംഗത്വമുള്ള ലൈബ്രറികൾക്ക് എം.എൽ.എ മാരുടെ പ്രത്യേക വികസനനിധിയിൽ നിന്നും തുക വിനിയോഗിച്ച് കമ്പ്യൂട്ടർ, എൽ.സി.ഡി പ്രൊജക്ടർ, വൈഫൈ, മൈക്ക് സെറ്റ് എന്നിവ വാങ്ങുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**കെ.ബാബു.**

**അഡീഷണൽ സെക്രട്ടറി(ധനകാര്യം)**

പകർപ്പ് :-

1. എല്ലാ നിയമസഭ സാമാജികർക്കും
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ, ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.
4. ബഹു. മുഖ്യ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
5. ബഹു. സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
6. ബഹു. മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
7. ബഹു. പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി.
8. എല്ലാ പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും ഗവൺമെന്റ് സെക്രട്ടറിമാർക്കും
9. എല്ലാ ജില്ലാ കളക്ടർമാർക്കും
10. ട്രഷറി വകുപ്പ് ഡയറക്ടർ
11. എല്ലാ ജില്ലാ ട്രഷറി ഓഫീസർമാർക്കും
12. പൊതുഭരണ (എസ് സി) വകുപ്പ് (28.09.2016 ലെ മന്ത്രി സഭാ തീരുമാനം ഇനം നം 328 )
13. വെബ് ആന്റ് ന്യൂ മീഡിയ .(ഗവൺമെന്റിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
14. നോഡൽ ഓഫീസർ , www.finance.kerala.gov.in
15. ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ